**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗക്ഷേമ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്നു നടത്തിവരുന്ന പ്രവർത്തനങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ഇപ്പോഴും വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെ 84 കോളനികൾ വൈദ്യുതീകരിക്കാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതു പ്രകാരം 2022 -23 വർഷത്തിൽ പാലക്കാട്, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 9 കോളനികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കെ.എസ്.ഇ.ബി മുഖേന വൈദ്യുതീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ, സാധ്യമാകുന്ന എല്ലാ കോളനികളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി KSEB, അനെർട്ട് എന്നിവർ മുഖേന സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബിയ്ക്ക് സാധ്യമാകുന്ന 19 കോളനികൾ വൈദ്യുതികരിക്കുന്നതിന് 21.08 കോടി രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയതിൽ, ആകെ എസ്റ്റിമേറ്റിന്റെ 20ശതമാനം തുകയായ 4.22 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.<br><br>എറണാകുളം, പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് എന്നീ 5 ജില്ലകളിലെ 30 കോളനികളിലായി സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി ANERT 3697.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ആയതിൽ മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മഞ്ചേരി, മുണ്ടകൊല്ലി എന്നീ രണ്ട് കോളനികളിൽ സോളാർ വൈദ്യുതികരണം പി.വി.റ്റി.ജി വിഭാഗക്കാർക്ക് വേണ്ടിയുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ PM JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുവാൻ ANERT ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള കോളനികളുടെ ഫീസിബിലിറ്റി പരിശോധിച്ച് മേൽ നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വൈദ്യുതിയുള്ള ആദിവാസി മേഖലകളിൽ കേബിൾ നെറ്റ് വർക്ക് ടവറുകളുടെ അഭാവം മൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം അന്യാധീനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ 4G കണക്ടിവിറ്റി ഇല്ലാ എന്ന് കണ്ടെത്തിയതും വനം വകുപ്പിന്റെ അനുമതി ആവശ്യമായതുമായ 164 പ്രദേശങ്ങളിൽ നിലവിൽ 158 എണ്ണത്തിൽ 4G കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്.<br><br>തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം എന്നീ 6 ജില്ലകളിൽ ടവർ ടു ടവർ വൈദ്യുതി കണക്ഷൻ എത്തിപ്പെടാത്തതും കണക്ഷൻ ലഭ്യമാക്കുന്നതിന് 2 ലക്ഷം രൂപയിൽ കൂടുതൽ ചെലവ് വരുന്നതുമായ 24 കോളനികളിലേക്ക് വൈദ്യുതിലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ടി 2,97,73,703 /-രൂപയുടെ പ്രൊപ്പോസൽ ബി.എസ്.എൻ.എൽ ലഭ്യമാക്കിയിരുന്നു. വൈദ്യുതി ലൈൻ നീട്ടുന്നതിനുള്ള ചെലവ് 2 ലക്ഷം രൂപയിൽ അധികരിക്കുന്ന 24 സൈറ്റുകളിൽ Revamped Distribution Sector Scheme (RDSS) പദ്ധതി പ്രകാരം പദ്ധതി നടപ്പിലാക്കാനാകുമോ എന്ന കാര്യത്തിൽ KSEBയുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കുവാനും, ആയത് സാധ്യമല്ലെങ്കിൽ ബി.എസ്.എൻ.എൽ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിലെ 24 സൈറ്റുകളിൽ ഭൂമി ലഭ്യമായിട്ടില്ല എന്ന് കാണിച്ചിരുന്ന സൈറ്റുകൾ ഒഴിവാക്കി, പട്ടിക പുനഃക്രമീകരിച്ച് ചെലവിനത്തിലുള്ള തുക വീണ്ടും തിട്ടപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 1,88,39,656/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിരുന്നു. വകുപ്പിൽ നിന്നും ബി.എസ്.എൻ.എൽ നു നൽകുന്ന സാമ്പത്തിക സഹായം ബി.എസ്.എൻ.എൽ ന് വരുമാനം ഉണ്ടാക്കാൻ കൂടി വിനിയോഗിക്കുന്നതിനാൽ ടി പദ്ധതി മൂലം ലഭ്യമാകുന്ന വരുമാനം ഊരുകൂട്ടങ്ങൾക്ക് വരുമാന മാർഗ്ഗമാകുന്ന രീതിയിൽ Revenue sharing ന്റെ സാധ്യത പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ